**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 385** — **02.12.2014 ൽ മറുപടിയ്ക്ക്**

## ഗാർഹിക ഉപഭോക്താക്കൾക്ക് സൗരോർജ്ജപ്ലാന്റുകൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വൈദ്യുതി ഉപഭോഗം ദിനംപ്രതി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഗാർഹിക ഉപഭോക്താക്കൾക്ക് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചു നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളെയാണ് ഇതിനായി അധികാരപ്പെടുത്തിയിട്ടുള്ളത്; വിശദ വിവരം നല്കുമോ: | (എ) വീടുകളിൽ നിന്നുള്ള സൗരോർജ്ജ വൈദ്യുതി ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി അനെർട്ട് പതിനായിരം (10000) റൂഫ്ടോപ്പ് സൗരോർജ്ജ വൈദ്യുത പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. പ്രസ്തുത പദ്ധതിയിലൂടെ ഒരു വീട്ടിൽ ഒരു കിലോവാട്ട് സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ച് വരുന്നു. ഇതിലൂടെ മൊത്തം 10 മെഗാവാട്ട് സൗരോർജ്ജ വൈദ്യുതി ഉത്പാദനമാണ് ലക്ഷ്യമിടുന്നത്. സൗരോർജ്ജ വൈദ്യുതി ഉത്പാദന പദ്ധതിയ്ക്കായി അനെർട്ടിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| (ബി) സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി ഗാർഹിക ഉപഭോക്താക്കൾക്ക് നൽകി വരുന്ന സബ്സിഡി തുക എത്ര രൂപയാണ്; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ? | (ബി) പ്രസ്തുത പദ്ധതിയിൽ ഒരു കിലോവാട്ടിന്റെ പ്ലാന്റിന് കേന്ദ്ര സർക്കാരിന്റെ (MNRE) വിഹിതമായി 53,262/- രൂപയും സംസ്ഥാന സർക്കാരിന്റെ വിഹിതമായി 39,000/- രൂപയും സബ്സിഡിയായി നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**